# കെപിഎംഎസ്എം എച്ച്എസ്എസ് അരിക്കുളം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26



# ഉള്ളടക്കം

ആമുഖം

വിദ്യാലയ ചരിത്രം

അക്കാദമിക മികവുകൾ

അക്കാദമിക വെല്ലുവിളികൾ

ഭൗതിക മികവുകൾ

ഭൗതിക പരിമിതികൾ

വികസന ലക്ഷ്യങ്ങൾ

അക്കാദമിക മാസ്റ്റർ പ്ലാൻ

(മലയാളം, സംസ്കൃതം, അറബി,ഇംഗ്ലീഷ്, ഹിന്ദി, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം, ഐടി).

# ആമുഖം

വടകര വിദ്യാഭ്യാസ ജില്ലയിൽ കൊയിലാണ്ടി ഉപജില്ലയിലെ അരിക്കുളം പഞ്ചായത്തിൽ പാറക്കുളങ്ങര എന്ന സ്ഥലത്താണ് ഞങ്ങളുടെ വിദ്യാലയം. സമഗ്ര ഗുണമേന്മാവിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്ന വസ്തുതയിൽ നിന്നു കൊണ്ട് അക്കാദമിക കായിക രംഗങ്ങളിൽ നേട്ടം കൊയ്തെടു ക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന രീതികൾ സ്വീകരിക്കാറുണ്ട്. മാതൃകാ പരമായ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ ശാക്തീകരിക്കാൻ മികച്ച പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. മോണിംഗ് ക്ലാസ്, ഈവനിംഗ് ക്ലാസ്, പാദവാർഷിക അർദ്ധ വാർഷിക വാർഷിക പരീക്ഷാസമയങ്ങളിൽ റിവിഷൻ നൈറ്റ് ക്ലാസ് മുഴുവൻ എസ്എസ്എൽസി വിദ്യാർത്ഥികളെയും മികച്ച നിലവാരത്തിലേക്ക് ഉയർത്താൻ അയൽപക്ക പഠനകേന്ദ്രങ്ങളിൽ അധ്യാപകരുടെ രാത്രികാല പഠന ക്ലാസുകൾ എന്നിവയിലൂടെ സമ്പൂർണ്ണ വിജയം ഉറപ്പ് വരുത്തിയിട്ടുണ്ട്.

ജനപ്രതിനിധികൾ, പിടിഎ, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, തദ്ദേശസ്വയംഭരണ സ്ഥാപനമായ ഗ്രാമപഞ്ചായത്ത് എന്നിവയുടെ പൂർണ്ണസഹകരണം ഉറപ്പ് വരുത്തിക്കൊണ്ട് മികവുകൾ കൊയ്തെടുക്കാനും, കൊയ്തെടുത്ത മികവുകൾ സംരക്ഷിക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ അക്കാദമിക വർഷത്തെ സമഗ്രമായി മുന്നിൽകണ്ട് വിദ്യാലയ ത്തിലെ അക്കാദമിക നിലവാരം ഉയർത്തി സമഗ്രഗുണമേന്മാവിദ്യാ ഭ്യാസം മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കാനുള്ള പഠന പ്രവർത്ത നങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദിമിക മാസ്റ്റർപ്ലാൻ ഞങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

# വിദ്യാലയ ചരിത്രം

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ അരിക്കുളം പഞ്ചായത്തിലെ പാറക്കുളങ്ങരയിൽ പാണ്ടിപ്പാറ താഴ്വരയിൽ സ്ഥിതിചെയ്യുന്ന മനോഹരമായ വിദ്യാലയമാണ് ഞങ്ങളുടേത്. 1979 ൽ വിദ്യാലയം ഗ്രാമീണ അന്തരീക്ഷം കുടികൊള്ളുന്ന വയൽ പ്രദേശമായ പാറക്കുളങ്ങര എന്ന സ്ഥലത്ത് സ്ഥാപിതമായി.

കോഴിക്കോട് ജില്ലയിൽ ആദ്യമായി വിദ്യാലയത്തിന്റെ, ഗ്രാമത്തിന്റെ, ദേശത്തിന്റെ കഥ പറയുന്ന "**ഉപ്പ്**" എന്ന ചലച്ചിത്രത്തിലൂടെ വിദ്യാലയത്തിന്റെ പെരുമ നാടൊട്ടുക്കും പ്രചരിപ്പിക്കാൻ ഞങ്ങൾക്ക് സാധിച്ചു. ഗ്രാമപ്രദേശത്തിന്റെ തുടിപ്പുകൾ ആവാഹിക്കുന്ന മനോഹരമായ ഈ ചലച്ചിത്ര കാവ്യത്തിൽ നിന്നും ഞങ്ങളുടെ വിദ്യാലയത്തെ വായിച്ചെടുക്കാം. അർപ്പണബോധവും ആത്മാർത്ഥതയുമുള്ള ഒരു കൂട്ടം അധ്യാപകരുടെ കഠിനമായ പ്രയത്നത്തിലൂടെയാണ് വിദ്യാലയത്തിന് ഇന്നുള്ള പേരും, പെരുമയും നിലനിർത്താൻ സാധിച്ചത്. കലാകായിക പ്രവർത്തിപരിചയ ഐടി ശാസ്ത്ര ഗണിതശാസ്ത്ര മേളകളിൽ തിളക്കമാർന്ന വിജയം ഞങ്ങളുടെ കൂട്ടായ്മയുടെ ഫലമാണ്. കഴിഞ്ഞ വർഷം കോഴിക്കോട് ജില്ലയിൽ സംഘനൃത്ത മത്സരത്തിൽ ഞങ്ങൾ എ ഗ്രേഡ് നേടിയിട്ടുണ്ട്. നിരവധി വർഷങ്ങളായി എസ്എസ്എൽസി പരീക്ഷയിൽ ഞങ്ങൾക്ക് സമ്പൂർണ്ണ വിജയം നേടാനായിട്ടുണ്ട്.

# അക്കാദമിക മികവുകൾ

കഴിഞ്ഞ 10 വർഷങ്ങളോളമായി എസ്എസ്എൽസി പരീക്ഷയിൽ സമ്പൂർണ്ണ വിജയം ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. നിരവധി എ പ്ലസ് വിദ്യാർത്ഥികളെ സൃഷ്ടിച്ചെടുക്കാനും കഴിഞ്ഞിട്ടുണ്ട്. NMMS പരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകി വിജയം കൊയ്തെടുത്തിട്ടുണ്ട്. സംസ്കൃതം ഉറുദു സ്കോളർഷിപ്പുകളിൽ കഴിഞ്ഞ വർഷങ്ങളിൽ നിരവധി വിദ്യാർത്ഥികൾ വിജയിച്ചിട്ടുണ്ട്. അറബിക് ടാലന്റ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ വിജയം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

8,9,10 ക്ലാസുകളിലെ മിടുക്കരായ കുട്ടികളെ വാർത്തെടുക്കാൻ Team 50 എന്ന പേരിൽ വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകിവരുന്നു. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐടി പ്രവൃത്തിപരിചയ മേളകളിൽ ഉപജില്ല, ജില്ലാതലങ്ങളിൽ മികച്ച വിജയം നേടിയിട്ടുണ്ട്. സംഘനൃത്ത മത്സരത്തിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനവും, ജില്ലയിൽ എ ഗ്രേഡും നേടിയെടുക്കാൻ കഴിഞ്ഞു. JRC, Little Kites, Scout & Guide, Pularkalam yoga club തുടങ്ങിയവയിലൂടെ മാനുഷിക ബോധവും, മൂല്യബോധവും, സേവനമനോഭാവവും കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

# അക്കാദമിക വെല്ലുവിളികൾ

ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നതിനാവശ്യമായ മികച്ച ലാബ് സൗകര്യം ഇനിയും ഉയർന്ന് വരേണ്ടിയിരിക്കുന്നു. എല്ലാ കുട്ടികളെയും ഭാഷയും ഗണിതവും അഭ്യസിപ്പിക്കാൻ നിരന്തരം ശ്രമിക്കുന്നുണ്ടെങ്കിലും മുൻധാരണ കുറവായതിനാൽ ഉദ്ദേശിച്ച അക്കാദമിക നിലവാരത്തിലേക്ക് എത്താൻ സാധിക്കിക്കുന്നില്ല. ഐടി ലാബിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള കമ്പ്യൂട്ടറുകളുടെ അഭാവം.

# ഭൗതിക മികവുകൾ

സ്കൂൾ മാനേജ്മെന്റ് 5 കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച കെട്ടിട സമുച്ചയം സ്ഥാപിക്കപ്പെട്ടതോടെ സ്കൂളിന്റെ ഭൗതിക സാഹചര്യത്തിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടായത്. പുതിയ കെട്ടി ടത്തിൽ ഹെഡ്മാസ്റ്ററുടെ മുറി, ഡപ്യൂട്ടി എച്ച്എം മുറി ,ക്ലർക്ക് മുറി, സ്റ്റാഫ് റൂം എന്നിവയ്ക്ക് പുറമെ 3 നിലകളിലായി പൂർണ്ണ സൗകര്യത്തോടുകൂടിയുള്ള 16 ക്ലാസ് മുറികൾ പ്രവർത്തിക്കുന്നു. 16 ക്ലാസ് മുറികളും പൂർണ്ണമായി പ്രൊജക്ടറുകളുടെ സഹായ ത്തോടെ പൂർണ്ണമായി ഡിജിറ്റൽ ആക്കിയിട്ടുണ്ട്. മികച്ച റിസോഴ്സ് റൂം എല്ലാ കുട്ടികൾക്കും പ്രയോജനകരമായ രീതിയിൽ കുറഞ്ഞ വിലയിൽ ചായക്കടികളും, ചോറും മറ്റ് പഠനോപകരണങ്ങളും ലഭ്യമാകുന്ന രീതിയിൽ സ്കൂളിൽ ക്വാന്റീനും പ്രവർത്തിക്കുന്നു ണ്ട്. മികച്ച വിഭവങ്ങൾ തയ്യാറാക്കികൊടുക്കുന്ന പാചകപ്പുര, മികച്ച ടോയ്ലറ്റ് കോംപ്ലക്സുകൾ എന്നിവയും ഉണ്ട്.

# ഭൗതിക പരിമിതികൾ

പൂർണ്ണമായും ഗ്രാമീണ പ്രദേശമായ വയൽ പ്രദേശത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമായതിനാൽ മഴക്കാലമായാൽ വെള്ളം കെട്ടിക്കിടക്കുന്ന ഗ്രൗണ്ട് ഞങ്ങളുടെ ഒരു പരിമിതിയാണ്. പിടിഎ ജനറൽ ബോഡി സ്കൂളിലെ മൊത്തം കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന പരിപാടികൾ ഇവ ചേരുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഓഡിറ്റോറിയത്തിന്റെ മിനുക്കുപണി കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാൾ എന്നിവ ഇനിയും ലഭ്യമാക്കാനുണ്ട്.

സ്കൂളിന്റെ സുരക്ഷ മുൻനിർത്തി നല്ലരീതിയിലുള്ള ഒരു സിസിടിവി സംവിധാനവും വിദ്യാലയത്തിൽ നടപ്പിലാക്കാനുണ്ട്. ആധുനിക സൗകര്യങ്ങളോടെയുള്ള മികച്ച ശൗചാലയങ്ങളും നിർമ്മിക്കേണ്ടതുണ്ട്.

# വികസന ലക്ഷ്യങ്ങൾ

- ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ
- ഐടി പഠനം കാര്യക്ഷമമാക്കൽ
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- കായികശേഷി വികസനം
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- സാഹിത്യ ശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ
- കഥയരങ്ങ് ശില്പശാല
- കലാപരിപോഷണം
- പ്രവൃത്തി പരിചയ പരിശീലനം
- പത്രവാർത്ത
- സ്കൂൾ പത്രം
- പഠന യാത്രകൾ
- സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി നവീകരണം
- വായനാ ശീലം വർധിപ്പിക്കൽ
- ഗണിത ശേഷി വികസനം
- ആംഗലേയ ഭാഷ പഠനം അനായാസകരമാക്കൽ
- ഭാഷാശേഷി വികസനം
- ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര ഐടി പ്രവർത്തി പരിചയ മേളകൾ
- അയൽപക്ക പഠന കേന്ദ്രങ്ങൾ
- സ്കൂളിനൊരു പുസ്തക സമ്മാനം പരിപാടി

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **1-പുസ്തകപരിചയം**<br>കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • പ്രീടെസ്റ്റ്<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 1 മാസം | അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| **2-ഭാഷാസഹായം**<br>ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രീടെസ്റ്റ്<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 1 വർഷം | അധ്യാപകർ | |
| **3-നവ എഴുത്തുകാർ**<br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • കഥാശില്പശാല<br>• തിരക്കഥ ശില്പശാല<br>• രചനയും രചയിതാവും-അഭിമുഖം | 1 ആഴ്ച | അധ്യാപകർ | പി . ടി . എ |
| **4-ദിനാചരണങ്ങൾ**<br>എഴുത്തുകാർ / പ്രസ്ഥാനം/ കൃതികൾ പരിചയപ്പെടുന്നു | • വിവരശേഖരണം<br>• പ്രദർശനം<br>• പ്രഭാഷണം | പ്രധാന ദിവസങ്ങളിൽ | അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| **5-ചലച്ചിത്രോത്സവം**<br>മികച്ച ചിത്രങ്ങൾ പരിചയപ്പെടുന്നതിന് | • പോസ്റ്റർ / നോട്ടീസ് നിർമ്മാണം<br>• ചിത്രപ്രദർശനം<br>• ആസ്വാദനം തയ്യാറാക്കൽ | 1 ആഴ്ച | അധ്യാപകർ<br>വിദ്യാർത്ഥികൾ | |

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഭാഷാശേഷി എത്രത്തോളമുണ്ടെന്ന് തിരിച്ചറിയൽ**<br><br>ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും രചനകൾ വികസിപ്പിക്കാനുമുള്ള അവസരം<br>. | പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br><br>സംസ്കൃതത്തിൽ എത്രത്തോളം താല്പര്യമുണ്ടെന്ന് തിരിച്ചറിയുക<br><br>സംഭാഷണ നൈപുണി വർധനവിനായി വ്യാവഹാരിക ഔപചാരിക പദപരിചയം അധിക വായനക്കുള്ള പുസ്തകങ്ങൾ കൊടുക്കൽ<br><br>ഭാഷ നന്നായി വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തുക.<br><br>ഓരോ പിരീഡിന്റെ ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി പുസ്തകം കുറച്ച് വായിക്കുന്നു. | ജൂൺ-മാർച്ച് | സംസ്കൃത സമിതി | പി . ടി . എ |
| | വിദ്യാർത്ഥികളുടെ പഠനനിലവാരം മനസ്സിലാക്കി ആവശ്യമായ സഹായം നൽകുക. പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുക. | ജൂലായ്-നവംബർ | സംസ്കൃത സമിതി | പി . ടി . എ |
| ഓരോകുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കാനും ആശയവിനിമയം നടത്താനും | ക്വിസ് മത്സരം<br>വായനാമത്സരം<br>രചനാമത്സരം<br>മാഗസിൻ നിർമ്മാണം<br>കഥ, കവിത, ഉപന്യാസം സമസ്ത സുഭാഷിതകാലം, ജീവചരിത്രക്കുറിപ്പ് എന്നിവ രചിച്ച് ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ | സെപ്തംബർ -ഡിസംബർ | സംസ്കൃത സമിതി | |
| ആഖ്യാനശൈലി മെച്ചപ്പെടുത്തുക, യാത്രാവിവരണം, കാവ്യാനുഭവശേഷി വളർത്തുക | സംസ്കൃത പ്രദർശിനി സംഘടിപ്പിക്കുന്നു<br><br>വീഡിയോ പ്രദർശനം, സ്ലൈഡുകൾ, ഷോട്ട് ഫിലിം എന്നിവ സംഘടിപ്പിക്കുന്നു.<br><br>ചിന്തനവിശകലനം ലഘുഅവതരണം<br><br>സാന്മാർഗിക ചിന്തനം, സംവാദം , യാത്രാവിവരണം, അനുഭവചിത്രീകരണം എന്നിവ തയ്യാറാക്കൽ<br><br>കവിതാപഠനം, സ്വതന്ത്രഎഴുത്ത് | ജനുവരി- മാർച്ച് | സംസ്കൃത സമിതി | പി . ടി . എ |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **വായന**<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനാശീലം വളർത്തുക, നല്ല വായനക്കാരാക്കി മാറ്റുക | • അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• വായനകോർണർ സ്ഥാപിക്കുന്നു. | 3 മാസം<br>ജൂൺ-ആഗസ്റ്റ് | സ്കൂൾ ലൈബ്രേറിയൻ, അറബി അധ്യാപകർ | പൂർവവിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | • ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>• ഏറ്റവും മികച്ച മാഗസിന് സമ്മാനങ്ങൾ നൽകും.<br>• ഡിജിറ്റൽ സ്കൂൾ മാഗസിൻ നിർമ്മാണം | സെപ്തംബർ -നവംബർ<br>ഡിസംബർ | ക്ലബ് അംഗങ്ങൾ, അറബി അധ്യാപകർ | അധ്യാപിക പൂർവവിദ്യാർത്ഥികൾ |
| ഒരു ദിനം ഒരറിവ് അറബിയിൽ അറിവ് നേടുക. | • ഓരോ ദിവസവും ക്ലാസിൽ ഒരു ചോദ്യം- ക്വിസ് | ജൂലൈ- ഡിസംബർ | | |
| പ്രതിഭകളെ കണ്ടെത്തൽ | • അറബി സഹിത്യോത്സവ ത്തിലേക്കുള്ള മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | ജനുവരി | അറബി അധ്യാപകർ | |
| ദിനാചരണങ്ങൾ | • പോസ്റ്റർ പ്രദർശനം.<br>• ഐടി സാധ്യത പ്രയോജനപ്പെടു ത്തൽ | വർഷം മുഴുവൻ | ക്ലബ് അംഗങ്ങൾ, അറബി അധ്യാപകർ | |
| ഫെസ്റ്റ്- ഭാഷയെ അറിയാൻ | • പോസ്റ്റർ പ്രദർശനം<br>• ഫിലിം പ്രദർശനം<br>• അറബിക് ചരിത്രം അറിയൽ | ഫെബ്രുവരി | ക്ലബ് അംഗങ്ങൾ, അറബി അധ്യാപകർ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഇംഗ്ലീഷ് ഭാഷ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രിടെസ്റ്റിലൂടെ പിന്നാക്കക്കാരെ കണ്ടെത്തൽ.<br>• തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ<br>ജൂൺ- മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |
| 2.ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം,വായന എന്നിവ പ്രോത്സാഹിപ്പിക്കൽ | • ഇംഗ്ലീഷ് പുസ്തക വായനക്കുള്ള അവസരമൊരുക്കുക. | 1വർഷം | ലൈബ്രേറിയൻ, ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | • ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് കോർണർ (കുട്ടികൾക്ക് സ്വതന്ത്രമായി ഭാഷ കൈകാര്യം ചെയ്യാൻ) | 1വർഷം | ഇംഗ്ലീഷ് ക്ലബ്ബ് | |
| 4.ഇംഗ്ലീഷിൽ ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കൽ. | • ഇംഗ്ലീഷ് സിനിമാപ്രദർശനം,<br>• റോൾപ്ലേ, പ്രസംഗം | 1വർഷം | ഇംഗ്ലീഷ് ക്ലബ്ബ് | |
| 5. നാടകീകരണം | • ഇംഗ്ലീഷ് സ്കിറ്റ് | രണ്ടാം പാദം | ഇംഗ്ലീഷ് അധ്യാപകർ | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനു മുള്ള കഴിവ് വളർത്തിയെടുക്കുക. നാമം, സർവനാമം , വിശേഷണം എന്നിവ മനസ്സിലാക്കൽ | പ്രീടെസ്റ്റ് നടത്തി ഭാഷയിൽ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുക<br><br>അക്ഷരമാല, പദം, വാചകം ഉറപ്പിക്കുക (തുടർ പ്രവർത്തനം)<br><br>അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു. ചാർട്ടുകൾ നൽകുന്നു. കഥ, കവിത എന്നിവ പൂരിപ്പിക്കാൻ നൽകുന്നു. ഹിന്ദി സാഹിത്യകാരൻമാരു ടെ പേര് ചിത്ര ആൽബത്തിൽ എഴുതുക. ഹിന്ദിദിനാചരണങ്ങൾ, വായനകാർഡ് നിർമ്മാണം, ഹിന്ദി വാർത്തവായന. | ജൂൺ- ജൂലായ്<br><br>1വർഷം | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി ക്ലബ് ഹിന്ദി അധ്യാപകർ | |
| **വായന പരിശീലനം**<br><br>എഴുത്തും വായനയും മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക സഹായത്തോടെ പരിശീലനം | ഓരോ കുട്ടിയെക്കൊണ്ടും വായിപ്പിക്കുന്നു. പ്രശ്നങ്ങൾ കണ്ടെത്തി തിരുത്തുന്നു , മെച്ചപ്പെടുത്തുന്നു.<br><br>ഓഡിയോ, വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | 1വർഷം | ഹിന്ദി അധ്യാപകർ | |

# ഫിസിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും പാഠഭാഗങ്ങളിലൂടെ കടന്നു പോവുക | പരീക്ഷണങ്ങൾ, കഥകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, ചർച്ചകൾ തുടങ്ങിയവയിലൂടെയാണ് പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നത് | വർഷം മുഴുവൻ | അധ്യാപകൻ | |
| നിരന്തര മൂല്യനിർണയത്തിലൂടെ കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തലും പരിഹാരബോധനം നൽകലും | യൂണിറ്റ് ടെസ്റ്റിന് ആവശ്യമായ ചോദ്യങ്ങൾ തയ്യാറാക്കൽ, ടെസ്റ്റ് നടത്തി പഠന പിന്നോക്കക്കാരെ കണ്ടെത്തൽ, പരിഹാര ബോധന മോഡ്യൂളുകൾ തയ്യാറാക്കൽ, പരിഹാരബോധനം നൽകൽ | വർഷം മുഴുവൻ | അധ്യാപകൻ | |
| ശാസ്ത്രജ്ഞന്മാരോടുള്ള താല്പര്യം ജനിപ്പിക്കൽ | പാഠഭാഗത്ത് പരിചയപ്പെടുത്തുന്ന ശാസ്ത്രജ്ഞന്മാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി ചാർട്ട് തയ്യാറാക്കൽ, ക്ലാസ് റൂമിൽ പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | വിദ്യാർത്ഥികൾ | |
| പാഠഭാഗവുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയാൻ | ബിഎംഐ കാൽക്കുലേഷൻ<br>ടെലസ്കോപ്പ് നിർമ്മാണം<br>ബോട്ടിൽ റോക്കറ്റ് നിർമ്മാണം<br>റോഡ് സുരക്ഷാ സെമിനാർ | ജൂലായ്<br>ആഗസ്ത്<br>സപ്തംബർ<br>ഒക്ടോബർ | അധ്യാപകൻ വിദ്യാർത്ഥികൾ | പി . ടി . എ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മോഡൽ നിർമ്മാണം ലഘുപരീക്ഷണം റിസർച്ച് ടൈപ്പ് പ്രോജക്ട് ശാസ്ത്രനാടകം എന്നിവയിൽ പരിശീലനം നൽകൽ | | അധ്യാപകൻ വിദ്യാർത്ഥികൾ | പി . ടി . എ |

# കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1.പഠനപ്രവർത്തനങ്ങളുടെ ഭാഗമായ ശാസ്ത്രപരീക്ഷണങ്ങൾ സയൻസ് ലാബിൽ വെച്ച് നടത്തുന്നു.<br>2.സ്കൂൾതല സയൻസ് എക്സിബിഷൻ, പഠനപ്രവർത്തനങ്ങളുടെ ഭാഗമല്ലാതെയുള്ള കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താനുതുകുന്ന നൂതന പരീക്ഷണങ്ങൾ ശാസ്ത്രപ്രദർശനമായി നടത്തുന്നു<br>3. YIP, Inspire എന്നീ ഗവേഷണാത്മക പ്രൊജക്ടുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനം | ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷം മുഴുവൻ | അധ്യാപകൻ | |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | ശാസ്ത്രമേളയിൽ still model, working model, improvised experiments, projects, seminar എന്നിവയിൽ പങ്കെടുക്കാനാവശ്യമായ പ്രോത്സാഹനം നൽകി പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | | |
| 3. ശാസ്ത്രലാബിന്റെ നവീകരണവും ക്രമീകരണവും | കെമിസ്ട്രി വിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കുന്നു. കൂടാതെ ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ ഓരോ പാഠഭാഗത്തിനും ആവശ്യമായ ഉപകരണങ്ങൾ , സാമഗ്രികൾ,രാസവസ്തുക്കൾ തുടങ്ങിയവ മുൻകൂട്ടി തയ്യാറാക്കി വെയ്ക്കുന്നു. | വർഷം മുഴുവൻ | അധ്യാപകൻ വിദ്യാർത്ഥികൾ<br>അധ്യാപകൻ വിദ്യാർത്ഥികൾ | പി . ടി . എ<br>പി . ടി . എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. പഠന പിന്നാക്കവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | പഠന പിന്നാക്കവസ്ഥയിലുള്ള കുട്ടികളെ achivement test നടത്തി കണ്ടുപിടിക്കുന്നു.<br><br>പാഠഭാഗങ്ങൾ ലളിതമായ മൊഡ്യൂളുകളായി നൽകിയും peer group പരിശീലനത്തിലൂടെയും അധികസമയ പരിശീലനത്തിലൂടെയും ഈ കുട്ടികളുടെ നിലവാരം ഉയർത്താൻ ശ്രമിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | എസ് ആർ ജി, സബ്ജക്ട് കൗൺസിൽ | |
| 5. ശാസ്ത്രമാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ശാസ്ത്രലേഖനങ്ങൾ , ശാസ്ത്രകവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി സയൻസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് | |
| 6.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | ക്ലാസ് തലത്തിൽ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വ്യത്യസ്ത ചോദ്യമാതൃകയിൽ ചോദ്യശേഖരം തയ്യാറാക്കുന്നു. | മൂന്ന് മാസം | സബ്ജക്ട് കൗൺസിൽ | |
| 7.സോപ്പുനിർമ്മാണം | കെമിസ്ട്രി അവസാനപാഠഭാഗവുമായി ബന്ധപ്പെട്ട തനതുപ്രവർത്തനം. സോപ്പുനിർമ്മാണ കിറ്റുകൾ നൽകി Work Experience Club മായി സഹകരിച്ച് ഒരു ദവസത്തെ ശില്പശാലയായി നടത്തുന്നു. | | എസ് ആർ ജി, സബ്ജക്ട് കൗൺസിൽ | |

# ബയോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക | • പ്രീടെസ്റ്റ് ചോദ്യനിർമ്മാണം<br>• ടെസ്റ്റ് മൂല്യനിർണം<br>• പരിഹാരക്ലാസുകൾക്കായി പഠനഗ്രൂപ്പിംഗ്<br>• ക്ലാസുകളെടുക്കുന്നതിനായി മൊഡ്യൂൾ തയ്യാറാക്കൽ<br>• ആശയധാരണകൾ ഉറപ്പിക്കൽ<br>• പഠനപിന്നാക്കാവസ്ഥയുള്ളവർക്ക് അധിക/ഒഴിവുദിന വിനിമയം. | ജൂൺ-ജൂലായ് | സയൻസ് അധ്യാപകർ | |
| അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരമൊരുക്കൽ | • സ്കൂൾ കാമ്പസിൽ പഴം, പച്ചക്കറി, ഔഷധത്തോട്ട നിർമ്മാണം.<br>• ജൈവവൈവിധ്യപാർക്ക് . | 1 വർഷം | ബയോളജി അധ്യാപകർ | |
| പഠനം രസകരമാക്കാൻ | കാമ്പസിലെ വൃക്ഷങ്ങൾക്ക് ശാസ്ത്രീയ നാമം, പ്രാദേശിനാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ<br>ജീവശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള അസൂത്രണത്തോടെ ചെയ്യുക<br>സ്പെസിമെൻ ശേഖരണം.<br>മോഡൽ നിർമ്മാണം.<br>ശാസ്ത്രപതിപ്പുകൾ, കൊളാഷ്, പോസ്റ്ററുകൾ തയ്യാറാക്കുക. | 1 വർഷം | ബയോളജി അധ്യാപകർ | പി . ടി . എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാലിന്യമുക്ത ആരോഗ്യശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | സ്കൂൾ കാമ്പസ് ശുചീകരണം, ശുചിത്വ ബോധവൽക്കരണം. | 1 വർഷം | സയൻസ് അധ്യാപകർ | |
| ആരോഗ്യപരിപാലനം | • കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യക്ലാസ്.<br>• വൈദ്യപരിശോധ നാക്യാമ്പ്.<br>• ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്<br>• ആരോഗ്യസർവ്വേ നടത്തുക | ആഗസ്റ്റ്- സെപ്തംബർ | ബയോളജി അധ്യാപകർ | പി . ടി . എ |
| രക്തദാനത്തിന്റെ പ്രാധാന്യം. -ബോധവൽക്കരണം | രക്തദാനത്തിന്റെ പ്രാധാന്യം -ബോധവൽക്കരണം ഹൃദയാരോഗ്യം- പ്രൊജക്ട് | ഒക്ടോബർ | ബയോളജി അധ്യാപകർ | |
| എയ്ഡ്സ് ബോധവൽക്കരണം | നാഡീവ്യവസ്ഥയെ ബാധിക്കുന്ന രോഗങ്ങൾ വിവരശേഖരണം. കണ്ണിനെ ബാധിക്കുന്ന രോഗങ്ങൾ- വിവരണശേഖരണം. | ഡിസംബർ | ബയോളജി അധ്യാപകർ | |
| കണ്ടൽക്കാടുകളു ടെ സംരക്ഷണം | പോസ്റ്റർ പ്രദർശനം പൊതുജനങ്ങൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ് വീഡിയോ പ്രദർശനം | ജനുവരി | ബയോളജി അധ്യാപകർ | പി . ടി . എ |
| അർബുദ അവബോധം | ഡോക്ടറുടെ പ്രഭാഷണം | ഫെബ്രുവരി | ബയോളജി അധ്യാപകർ | |
| ജീവശാസ്ത്രപഠനത്തി ന് ഐസിടി സാധ്യതകളുടെ ഉപയോഗം | ഫീൽഡ് ട്രിപ്പ് ഡോക്യുമെൻററി പ്രദർശനം ഡോക്ടറുടെ പ്രഭാഷണം പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ , അനിമേഷൻ പ്രദർശനം. | 1 വർഷം | ബയോളജി അധ്യാപകർ | പി . ടി . എ |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **വിദ്യാർത്ഥികളുടെ സമഗ്രവികസനം**<br><br>സാമൂഹ്യശാസ്ത്രം വിശദമായി പഠിക്കുന്നതിനും അതിലൂടെ കുട്ടികളുടെ ഭൗതികവും സാമൂഹികവുമായ കഴിവുകൾ മെച്ചപ്പെടു- ത്തുന്നതിനും.<br><br>വിദ്യാർത്ഥികളുടെ വ്യക്തിഗത പഠനക്ഷമതയെ പരിഗണിച്ച് പ്രത്യേക ബോധനപദ്ധതികൾ തയ്യാറാക്കുക. അവയുടെ ഫലങ്ങൾ വിലയിരുത്തുക. | **പരിഹാരപഠനബോധന ക്ലാസ്**<br><br>ഒന്നാം പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പ്രയാസമേഖലകൾ കണ്ടെത്തി ഉചിതമായ മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുക യൂണിറ്റ് ടെസ്റ്റുകൾ നടത്തുക | ജൂൺ-മാർച്ച് | സോഷ്യൽ സയൻസ് അധ്യാപകർ | |
| **സാമൂഹ്യശാസ്ത്ര ക്ലിനിക്**<br><br>വിദ്യാർത്ഥികൾക്ക് സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുക. പഠനക്ഷമത വർദ്ധിപ്പിക്കുക. | ഒഴിവ് സമയങ്ങൾ കണ്ടെത്തി അധ്യാപകരുടെ നേതൃത്വത്തിൽ പിയർ ഗ്രൂപ്പ് ലീഡേഴ്സിനെ ഉൾപ്പെടുത്തി പ്രത്യേകപഠനത്തിനുള്ള ചാപ്റ്റേഴ്സ് നൽകുന്നു.<br><br>തുടർന്ന് ഓരോ ഗ്രൂപ്പുകളിലായി സംശയനിവാരണം നടത്തുന്നു. പ്രവർത്തനത്തിൽ പത്താം തരം വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നു | ജൂൺ-മാർച്ച് | സോഷ്യൽ സയൻസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **സാമൂഹ്യശാസ്ത്രം വർക് ഷോപ്പ്**<br>സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ സാമൂഹ്യശാസ്ത്ര മേള, സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുക | • ക്വിസ് മത്സരം<br>• അറ്റ്ലസ് നിർമ്മാണം<br>• പ്രാദേശിക ചരിത്രരചന തയ്യാറാക്കാനുള്ള മുന്നൊരുക്കം<br>• സ്റ്റിൽമോഡൽ, വർക്കിംഗ് മോഡൽ നിർമ്മാണം | സെപ്തംബർ | സോഷ്യൽ സയൻസ് അധ്യാപകർ | |
| **സാമൂഹ്യശാസ്ത്രം ക്ലബ് പ്രവർത്തനങ്ങൾ**<br>**പരിസ്ഥിതിദിനം**<br>പരിസ്ഥിതി സംരക്ഷണ അവബോധം നേടുവാൻ | ചെടി നടൽ. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത എന്ന വിഷയത്തിൽ പാനൽ ചർച്ച. | ജൂൺ 5 | സോഷ്യൽ സയൻസ് അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| **ജനസംഖ്യ ദിനം** | ജനസംഖ്യാദിനത്തോടുനുബന്ധിച്ച് ക്ലബ് അംഗങ്ങളുടെ വിവരശേഖരണ സർവ്വേ | ജൂലായ് 11 | സോഷ്യൽ സയൻസ് അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| **ഹിരോഷിമ ദിനം**<br>യുദ്ധവിരുദ്ധ മനോഭാവം വളർത്താൻ | ഹിരോഷിമ ദിനക്വിസ്<br>സോഷ്യൽസയൻസ് ക്ലബ് സയൻസ് ക്ലബ്ബുമായി യോജിച്ച് ക്വിസ് നടത്തുക. | ആഗസ്ത് 6 | ക്ലബ് അംഗങ്ങൾ | |
| **സ്വാതന്ത്ര്യദിനം** | സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചിത്രപ്രദർശനം | ആഗസ്ത് 15 | സ്കൂൾ കുട്ടികൾ | |
| **അദ്ധ്യാപകദിനം** | അധ്യാപക ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെക്കൊണ്ട് ക്ലാസെടുപ്പിക്കൽ | സെപ്തംബർ 5 | ക്ലബ് അംഗങ്ങൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **നിയമദിന പരിപാടി** | ഗാന്ധിയൻ ആശയങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണം.<br><br>ലീഗൽ ലിറ്ററസി - സോഷ്യൽസയൻസ് ക്ലബിന്റെ നേതൃത്വത്തിൽ മുഴുവൻ വിദ്യാർത്ഥികൾക്കും നിയമബോധവൽക്കരണ ക്ലാസ്. | നവംബർ -26 | ക്ലബ് അംഗങ്ങൾ സോഷ്യൽ സയൻസ് അധ്യാപകർ | |
| **മനുഷ്യാവകാശദിനം** | കുട്ടികളുടെ അവകാശങ്ങളെ പറ്റി ബോധവൽക്കരണക്ലാസ് | ഡിസംബർ 10 | സോഷ്യൽ സയൻസ് അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| **റിപ്പബ്ലിക് ഡേ** | **ഭരണഘടന ആമുഖം - ക്ലാസ് റൂമുകളിൽ വായന.**<br>ഭരണഘടനയുടെ പ്രധാന അനുച്ഛേദങ്ങൾ ക്ലാസിൽ ചർച്ച | ജനുവരി 26 | ക്ലബ് അംഗങ്ങൾ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, ചാർട്ട് നിർമ്മാണം, അവതരണം | ജൂൺ | അധ്യാപകർ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെൻറ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു . | ഒരു ടേമിൽനിന്ന് | അധ്യാപകർ, പിടിഎ | |
| ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ് | |
| സംഘബോധമുണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ ത്തലവൻ | |
| അധ്യാപകർ കാലാനുസതമായി ചെയ്യു ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഫ്ലാഗ് മീറ്റിംഗ്, ഗണിതക്വിസ്, കൊളാഷ് നിർമ്മാണം | ഒരു ടേമിൽ നിന്ന് | അധ്യാ പകർ | |
| ഗണിത മത്സരവേദിയിലേക്ക് | ഗണിതക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് കൺവീനർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മേളകളിൽ ഊർജസ്വലത കൈവരിക്കൽ | | അക്കാദമിക വർഷം | ക്ലബ്ബ് കൺവീനർ, അധ്യാപകർ | |
| ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | തുടർ പ്രവർത്തനം | | പി.ടി .എ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | മാസത്തിൽ ഒന്ന് | അധ്യാപകർ ,എച്ച് എം, പിടി എ പ്രസിഡൻറ് | |

# ഐടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐടി ലാബ് സജീകരിക്കൽ | ഉബണ്ടു 22.04 എല്ലാ സിസ്റ്റത്തിലും ഇൻസ്റ്റാൾ ചെയ്യൽ.<br><br>വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് രണ്ട് ലാബിലേക്കും ആവശ്യമായ സിസ്റ്റം സജ്ജീകരിക്കൽ | ജൂൺ | അധ്യാപകർ | |
| എല്ലാ കുട്ടികൾക്കും വിവരസാങ്കേതിക വിദ്യ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കുക | എല്ലാ വിഷയങ്ങളിലും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ സാങ്കേതികവിദ്യക്ക് പ്രാധാന്യം നൽകി ഉപയോഗപ്പെടുത്തുന്നു | വർഷം മുഴുവൻ | സബ്ജറ്റ് കൗൺസിൽ എസ് ആർ ജി | |
| ഐടി മേളകളിൽ പൂർണ്ണ പങ്കാളിത്തം | ഡിജിറ്റൽ പെയിന്റിംഗ് മൾട്ടിമീഡിയ പ്രസന്റേഷൻ മലയാളം ടൈപ്പിംഗ് ഫോർമാറ്റിംഗ് സ്ക്രാച്ച് പ്രോഗ്രാമിങ് വെബ് പേജ് ഡിസൈനിങ് തുടങ്ങിയ മത്സരങ്ങളിൽ പരിശീലനം നൽകി ഐടി മേളയിൽ പങ്കെടുക്കാൻ പ്രോത്സാഹനം നൽകൽ | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | സബ്ജക്ട് കൗൺസിൽ | പി.ടി.എ |

# വിജയോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്താംതരത്തിലെ മുഴുവൻ കുട്ടികൾക്കും ഉന്നതവിജയം സാധ്യമാക്കുക | പ്രീടെസ്റ്റ്, പിയർ ഗ്രൂപ്പ് പഠനം, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്, മോണിംഗ് ക്ലാസ് ആരംഭം | ജൂൺ | കൺവീനർ വിജയോത്സവം | പി ടി എ |
| പഠനപിന്നാക്കക്കാരെ കണ്ടെത്തൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ, നിരീക്ഷണം , മൂല്യനിർണയം | ഫസ്റ്റ് മിഡ്ടേം പരീക്ഷ കുട്ടികൾക്കുള്ള മോട്ടിവേഷൻ ക്ലാസ് പഠനപിന്നാക്കക്കാരെ കണ്ടെത്തലും ദത്തെടുക്കലും, സബ്ജക്ട് ക്ലിനിക്, സ്റ്റുഡൻറ് ടീച്ചർ പദ്ധതി | ജൂൺ | കൺവീനർ വിജയോത്സവം | പി ടി എ |
| പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ പരീക്ഷക്ക് സജ്ജമാക്കൽ | ഓണം പരീക്ഷ മുന്നൊരുക്കപ്രവർത്തനങ്ങൾ അതിഥി അധ്യാപക ക്ലാസ് അവധിദിനക്യാമ്പ് | സെപ്തംബർ-ഒക്ടോബർ | കൺവീനർ വിജയോത്സവം, പരീക്ഷ കമ്മിറ്റി, അധ്യാപകർ | പി.ടി.എ |
| കുട്ടികളുടെ ഭൗതികസാമൂഹിക സാമ്പത്തികസാഹചര്യങ്ങൾ അടുത്തറിയുക | ഗൃഹസന്ദർശനം പരിപാടി | നവംബർ-ഡിസംബർ | മുഴുവൻ അധ്യാപകരും | |
| ഗ്രേഡ് മെച്ചപ്പെടുത്തുക, കുട്ടികൾക്ക് ആത്മവിശ്വാസം പകരുക | വിവിധ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം, ഗൈഡൻസ് ആൻറ് കൗൺസലിംഗ് | ജനുവരി-മാർച്ച് | മുഴുവൻ അധ്യാപകരും | |
| കുടുംബപ്രാദേശിക അന്തരീക്ഷത്തിൽ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക | അയൽപ്പക്കപഠന കേന്ദ്രം, നിശാ പഠനക്ലാസ് | ജനുവരി-മാർച്ച് | സബ്ജക്ട് കൗൺസിൽ | |

## ആരോഗ്യകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ. വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ഫുട്ബാൾ, വോളിബാൾ എന്നിവയിൽ പരിശീലനം. അവധിക്കാല ക്യാമ്പ്. ബോക്സിംഗ് പരിശീലനം. കബഡി പരിശീലനം | എല്ലാദിവസവും രാവിലെ, വൈകുന്നേരം, അവധി ദിവസങ്ങൾ. | പ്രാദേശിക ക്ലബ്ബുകൾ കായികസമിതി, പിടിഎ | |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ. | സബ്ജില്ല, ജില്ലാതലങ്ങളിലേക്കുള്ള മത്സരങ്ങളിലേക്ക് ടീമുകളെ ഒരുക്കാനുള്ള പരിശീലനം | തുടർപ്രവർത്തനം | കായികാധ്യാപകൻ | |

# ഹെൽത്ത് ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധയുണ്ടാകൽ<br><br>മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള അറിവ്. | ക്ലബ് രൂപീകരണം<br>ശുചിത്വക്ലബ്ബുമായി ചേർന്ന് ആരോഗ്യവും ശുചിത്വവും എന്നവിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് നൽകൽ<br><br>മഴക്കാലരോഗങ്ങളെക്കുറിച്ചും പ്രതിരോധ നടപടികളെക്കുറിച്ചുമുള്ള പോസ്റ്ററുകൾ നോട്ടീസ് എന്നിവ ക്ലാസിലെത്തിക്കൽ. | ജൂൺ-മാർച്ച് | ക്ലബ് കൺവീനർ, | |
| അയേൺ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗങ്ങൾ തടയൽ<br><br>ആർത്തവദിന ശുചിത്വം ബോധവൽക്കരണം.<br><br>കുടിവെള്ളം സംരക്ഷിക്കുന്നതിന്റെ ആവശ്യകത | അയേൺ ടാബ്ലറ്റ് വിതരണം<br><br>സാനിറ്ററി നാപ്കിൻ വിതരണം, ബോധവൽക്കരണക്ലാസ്<br><br>കിണർ ക്ലോറിനേഷൻ ചെയ്യൽ | ആരോഗ്യവകുപ്പ് നിർദ്ദേശമനുസരിച്ച് | ക്ലബ് കൺവീനർ, ഓഫീസ് സ്റ്റാഫ് പിഎച്ച്സി അത്തോളി | ആരോഗ്യ വകുപ്പ് |
| രോഗപ്രതിരോധശേഷി വർധിപ്പിക്കൽ<br><br>വിരനശീകരണം | വാക്സിനേഷൻ<br><br>വിരഗുളിക വിതരണം | ആരോഗ്യവകുപ്പ് നിർദ്ദേശമനുസരിച്ച് | ആരോഗ്യ വകുപ്പ് | |

## കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ കലാവാസന പ്രോത്സാഹിപ്പിക്കുക | ലോക സംഗീതദിനാചരണം സംഗീതക്ലബ് ഉദ്ഘാടനം ചിത്രരചന ക്വിസ്മത്സരം | ജൂൺ-മാർച്ച് | ആർട്സ് ക്ലബ് കൺവീനർ,അധ്യാപകർ | |
| സബ്ജില്ലാമത്സരങ്ങളിലേക്കുള്ള കുട്ടികളെ കണ്ടെത്തൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക | | | |
| സ്വാതന്ത്ര്യദിനാചരണം- സംഗീതപരിപാടി | പോസ്റ്റർ നിർമ്മാണം ദേശഭക്തിഗാനലാപനം | | | |
| കേരളപ്പിറവിദിനാചരണം | നാടൻപാട്ട്, ഓണപ്പാട്ട് മത്സരം | | | |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്കും സമൂഹത്തിനും ഉപകാരപ്രദമായ വസ്തുക്കളുടെ നിർമ്മാണം | പേപ്പർ പെൻ നിർമ്മാണം | ജൂൺ | വർക്ക് എക്സിപിരിയൻസ് ടീച്ചർ | വിദ്യാർത്ഥികൾ പിടിഎ |
| | സ്കൂളിലേക്ക് ക്ലീനിംഗിനാവശ്യമായ ലോഷൻ നിർമ്മിക്കുന്നു. | ജൂൺ | | |
| കുട്ടികളുടെ ഭൗതികസാമൂഹിക സാമ്പത്തികസാഹചര്യങ്ങൾ അടുത്തറിയുക | കുട നിർമ്മാണം. | ജൂലായ് | | |
| | സോപ്പ് നിർമ്മാണം. | ജൂലായ് ആഗസ്റ്റ് | | |
| ഗ്രേഡ് മെച്ചപ്പെടുത്തുക, കുട്ടികൾക്ക് ആത്മവിശ്വാസം പകരുക | പൗച്ച് നിർമ്മാണം | ഒക്ടോബർ- നവംബർ ഡിസംബർ | | |
| | സ്റ്റാർ നിർമ്മാണം | | | |
| കുടുംബപ്രാദേശിക അന്തരീക്ഷത്തിൽ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക | പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ട് തുണിസഞ്ചി നിർമ്മാണം | ജൂൺ- ഫെബ്രുവരി | | |

## ഗൈഡൻസ് & കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസലിംഗ് നൽകൽ ( ഉത്കണ്ഠ, മാനസിക സമ്മർദ്ദം, പെരുമാറ്റ വൈകല്യം, ആത്മഹത്യാപ്രവണത, ലഹരിഉപയോഗ പ്രവണത, പരീക്ഷാപേടി, മൊബൈൽ അഡിക്ഷൻ. | ആത്മവിശ്വാസം, ധൈര്യം ഇവ വർധിപ്പിച്ച് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br><br>ഗൃഹസന്ദർശനം, അഭിമുഖം, പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസലിംഗ് ഫലപ്രദമാക്കൽ.<br><br>വ്യക്തിഗത കൗൺസലിംഗ്, ഗ്രൂപ്പ് കൗൺസലിംഗ്, ബോധവൽക്കരണക്ലാസ് എന്നിവ നടത്തുന്നു. | ജൂൺ-മാർച്ച് | കൗൺസലിംഗ് -ടീച്ചർ | |

## വിദ്യാരംഗം

### 1–ക്ലബ് രൂപീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ ത്തോടും ഭാഷയോടും താല്പര്യമുണ്ടാ കുന്നതിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• യോഗം ചേരൽ<br>• ചുമതല പങ്കിടൽ | ജൂൺ- ജൂലായ് | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

### 2–കഥാശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവിതക്ക് ഈണവും താളവും കണ്ടെത്തുന്ന തിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• കഥാകാരൻമാരുമാ യി അഭിമുഖം<br>• കഥാപതിപ്പ് തയ്യാറാക്കൽ | ആഗസ്ത് സെപ്തംബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

### 3–കാവ്യാലാപനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവിതക്ക് ഈണവും താളവും കണ്ടെത്തുന്ന തിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• കവിത കണ്ടെത്തൽ<br>• കവികളുമായി അഭിമുഖം<br>• അവതരണം | സെപ്റ്റംബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

### 4–സിനിമാഗാന – നാടൻപാട്ട് ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| താളബോധം നഷ്ടപ്പെടാതെ പാടുന്നതിന് വായ്ത്താരികൾ തിരിച്ചറി- യുന്നതിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• സിനിമാഗാനങ്ങളു ടെ കണ്ടെത്തൽ<br>• പരിശീലനം<br>• അവതരണം | ഒക്ടോബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

### 5–ചിത്രരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| താളബോധം നഷ്ടപ്പെടാതെ പാടുന്നതിന് വായ്ത്താരികൾ തിരിച്ചറി- യുന്നതിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• ചിത്രകാരൻമാരെ പരിചയപ്പെടൽ<br>• രചനാശില്പശാല<br>• പ്രദർശനം | ഒക്ടോബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

# ഐ.സി.ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ഐടി പഠനത്തിൽ അഭിരുചി ഉണ്ടാക്കൽ | ക്ലാസ് റൂമുകളിലെ ഐസിടി ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുകയും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളും പൊതുപരിപാടികളും ഡോക്യുമെന്റേഷൻ നടത്താൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു | വർഷം മുഴുവൻ | സബ്ജക്ട് കൗൺസിൽ | പി.ടി.എ |
| ഐസിടി ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കൽ | ഐടി ലാബിലെ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കൽ സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷൻ എന്നിവ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ പരിശീലിപ്പിക്കുന്നു | ആവശ്യമായ സന്ദർഭങ്ങളിൽ | സബ്ജക്ട് കൗൺസിൽ | |
| സൈബർ ക്രൈമിനെതിരെ ബോധവൽക്കരണം നൽകൽ | സൈബർ ക്രൈമിനെ കുറിച്ച് ഒരു ബോധവൽക്കരണ ക്ലാസ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്നു | ആഗസ്ത് | സബ്ജക്ട് കൗൺസിൽ | |

## ശുചിത്വപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്കും വിദ്യാലയത്തിനും സമൂഹത്തിനും ഉപകാരപ്രദമായ പ്രവർത്തനം<br><br>വിദ്യാലയങ്ങൾ ഹരിതകാമ്പസ് ആക്കി മാറ്റുക | ക്ലാസും പരിസരവും വിദ്യാലയവും കാമ്പസും വൃത്തിയായ സൂക്ഷിക്കാനാവശ്യമായ കാര്യങ്ങൾ നടപ്പാക്കുക | ജൂൺ-മാർച്ച് | മുഴുവൻ അധ്യാപകരും വിദ്യാർത്ഥികളും | പിടിഎ |

# സ്പെഷ്യൽ കെയർ സെൻറർ പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ പഠനപ്രശ്നങ്ങൾ തിരിച്ചറിയുക | സ്ക്രീനിംഗ് നടത്തി ക്ലാസധ്യാപകർ തന്ന സസ്പെക്ടഡ് കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br><br>പ്രശ്നം കണ്ടെത്തിയ കുട്ടികളുടെ കേസ് ഹിസ്റ്ററി തയ്യാറാക്കുന്നതിന്റെ ഭാഗമായി രക്ഷിതാക്കളെയും കുട്ടികളെയും വിളിക്കുന്നു.<br>ഐഇപി തയ്യാറാക്കുന്നു. | ജൂൺ-ആഗസ്റ്റ് | സെപ്തംബർ ഒക്ടോബർ | |
| ഭാഷാനൈപുണി വികസിപ്പിക്കൽ | സ്പെഷ്യൽ കെയർ സെൻററർ പ്രവർത്തനം | | | |
| ചങ്ങാതിക്കൂട്ടം | 9-ാം ക്ലാസിലെ കിടപ്പിലായ കുട്ടികളുടെ വീട്ടിൽ ക്ലാസിലെ കുട്ടികളും അധ്യാപകരുമായി ഗൃഹസന്ദർശനം. | സെപ്തംബർ ഒക്ടോബർ | | |
| പെർഫോമ തയ്യാറാക്കൽ | പത്താം ക്ലാസിലെ LD സസ്പെക്റ്റഡ് കുട്ടികളെ സ്ക്രീനിംഗ് ടൂൾ ഉപയോഗിച്ച് സ്ക്രൂട്ടനിംഗ് | | | |

## ലിറ്റിൽ കൈറ്റ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ ഡിജിറ്റൽ ലോകത്തിലേക്ക് ആകർഷിക്കുന്നതിന് | ഡിജിറ്റൽ പെയിൻറിംഗ് | ജൂൺ | കൈറ്റ് മാസ്റ്റേഴ്സ് | പിടിഎ |
| ഭിന്നശേഷിക്കാരെയും ഡിജിറ്റൽ ലോകം പരിചയപ്പെടുത്തൽ | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം | ജൂലായ് | | |
| സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിന് | സൈബർ സുരക്ഷയെക്കുറിച്ചുള്ള വിദഗ്ധരുടെ ക്ലാസുകൾ | ആഗസ്റ്റ് | | |
| ഡിജിറ്റൽ പരശീലനം വീടുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് | അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനം | സെപ്തംബർ | | |
| കുട്ടികളെ ഡിജിറ്റൽ ലോകത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിന് | സൈബർ പാർക്ക് സന്ദർശനം | ഒക്ടോബർ | | |
| റോബോട്ടിക്സിന്റെ ബാലപാഠങ്ങൾ പരിചയപ്പെടുന്നതിന് | എട്ടാംതരം കുട്ടികൾക്ക് റോബോട്ടിക്സ് പരിശീലനം | നവംബർ | | |
| കുട്ടികളുടെ സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിന് | ഡിജിറ്റൽ മാഗസിൻ | ഡിസംബർ | | |

## പരിസ്ഥിതി ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തെ മാലിന്യമുക്തവും ഹരിതവിദ്യാലയവുമാക്കി മാറ്റുക.<br><br>പരിസ്ഥിതി സംരക്ഷണത്തക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക. മാലിന്യങ്ങൾ നിർമ്മാർജ്ജന യജ്ഞം<br><br>പ്രകൃതി സംരക്ഷണ ബോധവൽക്കരണ ക്ലാസ്<br><br>പരിസ്ഥിതി സംരക്ഷണ പ്രവർത്തകരുടെ അനുഭവം പങ്കിടാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുക | ജൂൺ-മാർച്ച് | ക്ലസ് കൺവീനർമാർ, അധ്യാപകർ | |

# ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കൽ | വായനാസമിതി രൂപീകരണം. | | മലയാളവേദി വായനാസമിതി | |
| പുതുവായന പോഷിപ്പിക്കൽ | പത്രവാർത്ത (എല്ലാദിവസവും ക്ലാസടിസ്ഥാനത്തിൽ) | | | |
| ഭാഷയും സംസ്കാരവും ജ്ഞാനവും കാഴ്ച്ചപാടുകളും തിരിച്ചറിവുകളും നേടാൻ പ്രാപ്തരാക്കൽ | ക്ലാസ് ലൈബ്രറിക്ക് പുസ്തകം ലഭ്യമാക്കൽ (സ്കൂൾ ലൈബ്രറിയിൽ നിന്ന് ഓരോ ക്ലാസിനും 25 പുസ്തകങ്ങൾ വിതരണം ക്ലാസ് ലൈബ്രേറിയൻമാരുടെ നേതൃത്വത്തിൽ) | ഒരു കുട്ടിക്ക് ഒരു പുസ്തകം രണ്ടാഴ്ച | സ്കൂൾ എസ് ആർ ജി | പിടിഎ |
| | പിറന്നാൾ ദിവസം ക്ലാസ് ലൈബ്രറിക്കൊരു പുസ്തകം സമ്മാനം. | | സ്കൂൾ എസ് ആർ ജി | |
| | നല്ലവായനക്കാരെ കണ്ടെത്തൽ. സമ്മാനം നൽകൽ. പത്രക്വിസ്- (മാസാവസാനം) | ജൂൺ-ജനുവരി | | |
| ഭാഷയും സംസ്കാരവും ജ്ഞാനവും കാഴ്ച്ചപാടുകളും തിരിച്ചറിവുകളും നേടാൻ പ്രാപ്തരാക്കൽ | ശില്പശാലകൾ -കഥാശില്പശാല -സ്കൂൾ റേഡിയോ ഉദ്ഘാടനം | ജൂൺമാസം | സ്കൂൾ എസ് ആർ ജി | പിടിഎ |
| | കവിതയരങ്ങ് | ജൂലായ് | | |
| | നാടകക്കളരി | ആഗസ്റ്റ് | | |
| | ചിത്രക്കൂട്ടായ്മ | സെപ്തംബർ | | |
| | സെമിനാർ | ഒക്ടോബർ | | |
| | പ്രകൃതിപാഠം | നവംബർ | | |
| | ഫിലിം ഷോ | ഡിസംബർ | | |

## CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവുകൾ പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടുഎത്തിക്കുന്നതിൽ സഹകരണം തിരിച്ചറിയാനും | CPTA യോഗം കാര്യക്ഷമമായി നടത്തുക.<br><br>പഠനനേട്ടങ്ങൾ പഠനത്തെളിവുകൾ, അക്കാദമിക കാര്യങ്ങൾ പങ്കുവെക്കൽ,<br><br>സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തൽ<br><br>വിവിധ മത്സരപരീക്ഷകളിൽ വിജയം നേടിയ കുട്ടികൾക്കും പത്താംതരം മികച്ച വിജയം നേടിയവർക്കും അനുമോദനം ഏർപ്പെടുത്തൽ | മൂന്ന് മാസത്തിൽ ഒരിക്കൽ | കൈറ്റ് മാസ്റ്റേഴ്സ് | എസ് ആർജി, ക്ലാസ് അധ്യാപകൻ, വിജയോത്സവം കൺവീനർ, പിടിഎ |

# സ്കോളർഷിപ്പ് പരീക്ഷാപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികളെ സജ്ജരാക്കൽ | USS,NMMS സ്ക്രീനിംഗ് ടെസ്റ്റ് , മോണിംഗ് ക്ലാസ്, അവധിദിന ക്ലാസുകൾ, അതിഥി അധ്യാപക ക്ലാസുകൾ, മാതൃകാപരീക്ഷകൾ എന്നിവ | ജൂൺമുതൽ പരീക്ഷ തീയ്യതി വരെ | കൺവീനർമാർ, അധ്യാപകർ | രക്ഷിതാക്കൾ |

## സമഗ്ര പഠനപിന്തുണ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ വിഷയങ്ങൾക്കും സബ്ജക്ട് മിനിമം നേടാൻ സാധിക്കുക. അതാത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ ഓരോ കുട്ടിയും നേടിയെന്ന് ഉറപ്പുവരുത്തുക | കഴിഞ്ഞവർഷം വാർഷിക പരീക്ഷക്ക് 30 % നേടാത്തകുട്ടികൾക്ക് ബ്രിഡ്ജ് കോഴ്സ്.<br><br>പ്രീടെസ്റ്റ് നടത്തി പഠനപിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ പിന്തുണ ക്ലാസ്.<br><br>പഠനമികവ് കാണിക്കുന്ന കുട്ടികളുടെ സഹായത്താൽ പിയർ ഗ്രൂപ്പ് ടീച്ചിംഗ്<br><br>പിടിഎ, പൂർവാധ്യാപകർ ഇവരുടെ സഹായത്തോടെ പ്രത്യേക ക്ലാസുകൾ. | വർഷം മുഴുവൻ | അധ്യാപകർ, വിദ്യാർത്ഥികൾ, പിടിഎ, പൂർവാധ്യാപകർ | പി . ടി .എ |